# ഇ.എം.എസ് സ്മാരക ഗവ.ഹയർസെക്കണ്ടറി സ്കൂൾ

## പാപ്പിനിശ്ശേരി

Office: 0497 2786102 | pphss.pappinisseri@gmail.com



# ദിശ

School code: 13075

## ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ


SCRATCH
tupi
SCRATCH
tupi
little
KITEs
MIT
APP INVENTOR
SCRATCH
tupi
MIT
APP INVENTOR

# ആമുഖം

വിവര സാങ്കേതിക വിദ്യയിലൂടെ അറിവിന്റെ പുത്തൻ വാതായനങ്ങൾ തുറക്കപ്പെടുന്നു. ഈ പുതുയുഗത്തിൽ സാങ്കേതിക വിദ്യ മാനവജീവിതത്തിന്റെ ഹൃദയത്തുടിപ്പുകളായിമാറിക്കഴിഞ്ഞു .വരും കാലങ്ങളിൽ ഐ ടി മേഖലയിലെ കുതിച്ചു ചാട്ടങ്ങൾ ഒപ്പിയെടുത്ത് പൊതുജനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന വിദ്യയുടെ പൂമരമായി ലിറ്റിൽ കൈറ്റ്സ് ഉയർന്നു നിൽക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല .

ലിറ്റിൽ കൈറ്റ്സിലൂടെസാങ്കേതിക വിദ്യയുടെ അറിവിന്റെ അത്ഭുത ലോകം ഏവർക്കും തുറന്നിട്ടിരിക്കുന്നു.



വിദ്യാലയത്തിലെ ഐ ടി കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്' പ്രസിദ്ധീകരിക്കുന്ന 'ദിശ 'ഓൺലൈൻ മാസികയ്ക്ക് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു. സർഗ്ഗാത്മകതയോടൊപ്പം, സാങ്കേതികവിദ്യയുടെ പരിശീലനംകൂടിയാവട്ടെ ഈ സംരംഭം.അതോടൊപ്പം സൈബർ മേഖലയിലെ പുത്തൻ പ്രവണതകളെ പരിചയപ്പെടാനും സൈബർ ചതിക്കുഴികളെ സമർത്ഥമായി മറികടക്കാനും വഴിയൊരുക്കട്ടെ. സൈബറിടത്തിലെ ജനാധിപത്യാവകാശങ്ങളെ സാർത്ഥകമായി ഉപയോഗിക്കാൻ കഴിയട്ടെ എന്നും ആശംസിക്കുന്നു.

സക്കറിയ ടി പി

പ്രിൻസിപ്പൽ



2019-20 അധ്യയനവർഷം നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ്
ഒരു ഇ-മാഗസിൻ പ്രകാശനം ചെയ്യാൻ ഒരുങ്ങുന്നു എന്നറിഞ്ഞതിൽ ഏറെ
സന്തോഷവും അഭിമാനവും ഉണ്ട്. ക്ലാസ്സ് മുറികളെല്ലാം
ഹൈടെക്ക് ആകുമ്പോൾ ഉയർന്നു വരുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള
ഒരു ഉപാധിയായാണ് ലിറ്റിൽ കൈറ്റ്സ് പ്രവർത്തനം ആരംഭി
ച്ചത്.എന്നാൽ തനതായ കൂടുതൽ വൈവിധ്യമാർന്നപരിപാടികൾ ഇന്ന് ഈ
ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്നുണ്ട്. കൂടുതൽ ദിശാബോധം നൽകാൻ
**'ദിശ'**ക്ക് കഴിയട്ടെ. അതോടൊപ്പം ഇതിന്റെ അണിയറ ശില്പികൾക്കെല്ലാം
അനുമോദനങ്ങൾ നേരുന്നു....

അനൂപ് കുമാർ

ഹെഡ്മാസ്റ്റർ



പാപ്പിനിശ്ശേരി ഇ.എം.എസ്. സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരിക്കുന്ന രണ്ടാമത്തെ ഡിജിറ്റൽ മാഗസിനായ 'ദിശ'യ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു. കുട്ടികളിൽ സാങ്കേതികവിദ്യയെക്കുറിച്ചുള്ള അറിവുകൾ വളർത്താൻ ലിറ്റിൽ കൈറ്റ്സിനു സാധിക്കട്ടെ എന്ന് ആത്മാർത്ഥമായ് ആഗ്രഹിക്കുന്നു.

ഇ. അനൂപ്കുമാർ
പ്രസിഡന്റ്
പി ടി എ

# മുഖമൊഴി

2017-ൽ നിലവിൽ വന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് മികച്ച രീതിയിലുള്ള പ്രവർത്തനങ്ങൾ കൊണ്ട് ഇതോടകം തന്നെ ഏവരുടെയും ശ്രദ്ധ നേടിയെടുത്ത് കഴിഞ്ഞിരിക്കുന്നു. ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്ന മാഗസിന്റെ ഓൺലൈൻ സമർപ്പണം നടന്ന് വരുന്ന ഈ വേളയിൽ ഇ.എം.എസ്.എസ് ജി.എച്ച്.എസ് പാപ്പിനിശ്ശേരി തയ്യാറാക്കുന്ന 'ദിശ' എന്ന് നാമകരണം ചെയ്തിരിക്കുന്ന ഓൺലൈൻ മാഗസിൻ പൊതുജന സമക്ഷം സമർപ്പിക്കുകയാണ്. വിദ്യാർത്ഥിയിലെ യുക്തി ചിന്ത വളർ ത്തിയെടുക്കുന്ന തരം പ്രോഗ്രാമുകൾ, മൊബൈൽ ആപ്പുകൾ എന്നിവ അവരിൽ ദിശാബോധം ഉണ്ടാക്കുന്നു. വളർച്ചയുടെ പടവുകളിൽ ഒരു വഴികാട്ടിയായി ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് മാറിയിരിക്കുന്നു. നിശ്ചയി ച്ച സമയ പരിധിക്കുള്ളിൽ മാഗസിൻ പൂർത്തി യാക്കുക എന്നത് ഒരു വെല്ലുവിളിയായിരുന്നു. എങ്കിലും അതിന്റെ അനിവാര്യത ഉൾക്കൊണ്ടു കൊണ്ട് മാഗസിന്റെ സമ്പൂർണ്ണത കൈവരി ക്കുവാൻ വേണ്ടി പ്രയത്നിച്ച മുഴുവൻ അദ്ധ്യാ പകർക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു.



-ഹിബ എസ്.വി.
എഡിറ്റർ



rawpixel

# Table of Contents


സ്കൂളിനെ അറിയാം ..... 11

ലിറ്റിൽ കൈറ്റ്സ് ..... 13

QUOTES ..... 16

NATURE’S BEAUTY ..... 17

THE DAY I MET ..... 18

THE SEA ..... 18

LIFE - ..... 19

The four letters ..... 19

FRIENDSHIP ..... 20

അളവുകളും സംഖ്യകളും ..... 22

BPOSITIVE ..... 23

BOOKS, OUR BEST FRIENDS ..... 25

ഉത്തരമില്ലാത്ത ഉത്തരക്കടലാസുകൾ ..... 26

തീഗോളം ..... 30

MOM... HIBA 9F ..... 32

Sky Of Life, Dream ..... 33

കടങ്കഥകൾ ..... 35

THE STORY OF ‘π’ ..... 37

KITTY, THE CUTIE PIE ..... 38

FLOWER ..... 39

SILENCE IS GOLDEN ..... 40

SPRING ..... 41

മാതൃസ്നേഹം ..... 42

മനുഷ്യാ നീ ന്യായീകരിക്കുക ..... 44

ബാല്യകാലസഖി : വിചിത്രാനുഭവത്തിന്റെ നേർസാക്ഷ്യം ..... 46

സർപ്പരോദനം ശ്രേയ കെ ,8B ..... 49

പ്രയത്നം ..... 50

JOURNEY BACK ..... 52

DILEMMA ..... 53

THE MYSTERIOUS CAVE ..... 55

SLOGANS ..... 57

NATURE HAS THE POWER TO NURTURE ..... 59

നാവ് വഴങ്ങുമോ ..... 63

ഭൂമി ..... 64

എലി പുരാണം ..... 65

सूक्तियाँ ..... 67

चुटकुले ..... 68

शिक्षा पर सुविचार ..... 71

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ : ശ്രീ അനൂപ് കുമാർ സി

(ഹെഡ് മാസ്റ്റർ)

സ്റ്റാഫ് എഡിറ്റർ : ജീന കെ വി

(എസ് ഐ ടി സി)

സ്റ്റുഡൻറ് എഡിറ്റർ : ഹിബ എസ് വി

(ലിറ്റിൽ കൈറ്റ്)

കവർ പേജ് : ശ്രീ ദിനേശൻ ഇ എൻ

(അദ്ധ്യാപകൻ)

ഡിജിറ്റൽ ഗ്രാഫിക്സ് : റഫാൻ

ലേ ഔട്ട് : സുഫിയാൻ

ഉപദേശക സമിതി : ശ്രീ രാമചന്ദ്രൻ കെ ഒ

ശ്രീമതി രമ്യ പി വി

ശ്രീമതി നജ്മ കെ

# സ്ക്കൂളിനെ അറിയാം ...

കണ്ണൂരിലെ പാപ്പിനിശ്ശേരി ഉപജില്ലയിൽ എട്ടാം തരം തൊട്ട് പന്ത്രണ്ടാം ക്ലാസ്സുവരെ ആയിരത്തിഇരുന്നൂറോളം കുട്ടികൾ പഠിക്കുന്ന വിദ്യാലയമാണ് ഇ.എം.എസ് സ്മാരക ഗവ: ഹയർ സെക്കന്ററി സ്ക്കൂൾ.കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രിയുടെ പേരിലുള്ള ഈ വിദ്യാലയം അക്കാദമികവും അക്കാദമികേതരവുമായ രംഗത്ത് മികച്ച പ്രതിഭകളെ സംഭാവന ചെയ്ത വിദ്യാലയമാണ്. മതന്യൂനപക്ഷ വിഭാഗത്തിൽപെട്ടവരുടെയും തീരപ്രദേശമായതിനാൽ മൽസ്യത്തൊഴിലാളികളുടെയും പിന്നോക്ക വിഭാഗത്തിൽ പെട്ടവരുടെയും ഭൂരിഭാഗം കുട്ടികൾ പഠിക്കുന്ന വിദ്യാലയമാണിത്. ഭിന്നശേഷിയുള്ള വിദ്യാർത്ഥികളും മദ്രസ്സയിൽ താമസിക്കുന്ന അനാഥരായ കുട്ടികളും ഇവിടെ പടിക്കുന്നുണ്ട്

ആദ്യകാലത്ത് വിദ്യാഭ്യാസപരമായ ഏറെ പിന്നോക്കം നിൽക്കുന്ന പ്രദേശമായിരുന്നു പാപ്പിനിശ്ശേരി പടിഞ്ഞാർ. ഈ പ്രദേശത്തെ ഒരേയൊരു വിദ്യാലയം പാപ്പിനിശ്ശേരി വെസ്റ്റ് എൽ പി സ്ക്കൂളായിരുന്നു. അത് കഴിഞ്ഞാൽ ചുരുക്കം ചിലർ കുറച്ചു കൂടി അകലെയുള്ള ആരോൺ യൂ പി യിലോ ,ഇരിണാവ് യുപി യിലോ ചെന്ന് പഠനം തുടരും .ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് ചെറുകുന്ന് ചിറക്കൽ, ആയിക്കോട് ,കല്ല്യാശ്ശേരി ,എന്നിവിടങ്ങളിൽ പോകുമായിരുന്നു.

ഈ പശ്ചാത്തലത്തിലാണ് പാപ്പിനിശ്ശേരി പടിഞ്ഞാർ ഒരു ഹൈസ്ക്കൂൾ ഉണ്ടാകണ്ടേതിന്റെആവശ്യകത ഈ

പ്രദേശത്തുകാർ ആലോചിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 1967 ജൂണിൽ കരിക്കിൻ കുളത്തിനടുത്തുള്ള ഒരു നെയ്ത്തു കമ്പനി കെട്ടിടത്തിൽ സ്കൂൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. എന്നാൽ ഗവ അംഗീകാരം കിട്ടാൻ 5 ക്ലാസ് മുറികളും 3 ഏക്കർ ഭൂമിയും സ്വരൂപികേണ്ടിയിരുന്നു. ഇത്രയും സൗകര്യമൊരുക്കുവാൻ സ്കൂൾ കമ്മിറ്റിക് കഴിയാത്തത് കൊണ്ട് സ്കൂൾ മാനേജ്മെന്റ് പഞ്ചായത്തിന്റെ കീഴിലാക്കാൻ തീരുമാനിച്ചു. അങ്ങനെ ഇന്ന് കാണുന്ന സ്ഥലത്ത് സ്കൂൾ മാറ്റിസ്ഥാപിക്കപെട്ടു. 1969 ലെ നിയമ സഭാ തെരഞ്ഞെടുപ്പിൽ മടയിയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ശ്രീ മത്തായി മാഞ്ഞൂരാൻ മന്ത്രിയായപ്പോഴാണ് സ്പെഷ്യൽ ഓർഡർ പ്രകാരം സ്കൂളിന് അംഗീകാരം ലഭിച്ചത്.

ആദ്യകാലത്ത് നാട്ടുകാരുടെ അക്ഷീണ പ്രയത്നത്താൽ നിർമ്മിച്ച കെട്ടിടവും പിന്നീട പഞ്ചായത് നിർമ്മിച്ച കെട്ടിടങ്ങളും മാത്രമാണ് ഇപ്പോഴും ഉള്ളത് .2010 ൽ പഞ്ചായത്ത് സ്കൂളുകൾ ഗവൺമെന്റ് ഏറ്റെടുത്തതോടെ ഗവ:ഇ എം സ് സ്മാരക ഗവ: ഹയർ സെക്കന്ററി സ്കൂൾ എന്ന് പുനർനാമകരണം ചെയ്യപ്പെടുകയും ചെയ്തു. ആരംഭത്തിൽ ഇ. പി പത്മനാഭൻ ആയിരുന്നു ഹെഡ്മാസ്റ്റർ ചുമതല വഹിച്ചിരുന്നത്. അംഗീകരിക്കുന്ന ഹൈ സ്കൂൾ ആയതോടെ സി കുഞ്ഞിരാമൻ ഹെഡ് മാസ്റ്ററായി നിയമിതനായി .1998-99 വർഷത്തിൽ ഹൈ സ്കൂൾ ഹയർ സെക്കന്ററിയായി ഉയർത്തപ്പെട്ടു .

# ലിറ്റിൽ കൈറ്റ്സ്

ഒരു അധ്യയന വർഷത്തിൻെറ ആരംഭത്തിൽ തന്നെ കൈറ്റ് സംഘടിപ്പിക്കുന്ന പ്രത്യേക ഓൺലൈൻ അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ ഓരോ സ്കൂളിലേയും 8-ാം തരം ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനെ തെരഞ്ഞെടുക്കുന്നു.



ഈ യൂണിറ്റിലെ അംഗങ്ങൾക്ക് അതേ വർഷം തന്നെ വ്യത്യസ്ഥ തരം വിഷയങ്ങളിൽ നാല് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

1.പ്രാഥമിക ക്യാമ്പ്(ഇത് മോട്ടിവേഷൻ ക്യാമ്പാണ്.കുട്ടികളെ ലിറ്റിൽ കൈറ്റ്സിലേക്ക് ഈകർഷിക്കുക എന്നതാണ് ഈ ക്യാമ്പിൻെറ ലക്ഷ്യം.

2.പ്രോഗ്രാമിംഗ്(യുക്തി ചിന്തയിലൂന്നിയ പ്രവർത്തനങ്ങളാണ് ഇവിടെ പരിചയപ്പിപെടുത്തുന്നത്.

3.GIMP

4.Malayalam Computing And Camera Training



മുൻ വർഷങ്ങളിൽ മാസ്റ്റർ ട്രെയ്നേഴ്സ് ആണ് പ്രാഥമിക ക്യാമ്പ് കൈകാര്യം ചെയ്തിരുന്നതെങ്കിഈ അധ്യയന വർഷം മുതൽ ഇത് എസ് ഐ ടി സി യുടെ ചുമതലയാണ്.






ഒരു അധ്യയന വർഷത്തിൽ നാല് ക്യാമ്പുകളാണ് ഉള്ളത്.

സ്കൂൾതല ക്യാമ്പ്,സബ്ജില്ലാതല ക്യാമ്പ്,ജില്ലാതല ക്യാമ്പ്,സംസ്ഥാനതല ക്യാമ്പ്.
ഇതിൽ സ്കൂൾതല ക്യാമ്പിൽ നിന്നും പ്രോഗ്രാമിംഗിലും ആനിമേഷനിലും മികവു പുലർത്തുന്ന വിദ്യാർത്ഥികളെ (കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി) സെലക്ഷൻ നടത്തുന്നു. സബ്ജില്ലാ ക്യാമ്പിൽ നിന്നും പ്രോഗ്രാമിംഗ്,ആനിമേഷൻ എന്നീ വിഭാഗങ്ങളിലായി രണ്ടുവീതം വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ജില്ലാ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നു.ജില്ലാ ക്യാമ്പിൽ നിന്നും സംസ്ഥാന ക്യാമ്പിലേക്ക്.ഓരോ ക്യാമ്പും ഒരു ആഘോഷമാണ്.








സബ്ജില്ലാതലത്തിൽ പങ്കെടുപ്പിക്കുന്നതിനുള്ള ഓൺലൈൻ ഐ ടി ക്വിസ് കൈറ്റിൻെറ നേതൃത്വത്തിൽ തന്നെയാണ് നടക്കുന്നത്.

ഈ വർഷത്തെ സബ്ജില്ലാ കലോൽസവം വളരെ ശ്രദ്ധേയമായിരുന്നു.ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഫോട്ടോഗ്രാഫർമാരായി മേളകളിൽ നിറഞ്ഞു നിന്നു.കുട്ടികൾ വാർത്തകൾ തയ്യാറാക്കുകയും അവ അവതരിപ്പിക്കുകയും ചെയ്തു.അതോടൊപ്പം തന്നെ പ്രധാന വേദിക്കരികിൽ സ്ഥാപിച്ച സ്ക്രീനിൽ മറ്റു വേദികളിലെ കലാപരിപാടികൾ,മത്സരഫലങ്ങൾ എന്നിവ പ്രദർശിപ്പിക്കുവാനും സാധിച്ചു.





കൈറ്റ് നടത്തിയ മറ്റൊരു പ്രധാന പ്രവർത്തനമാണ് 'മാതൃശാക്തീകണം'-അമ്മമാർക്കുള്ള പ്രത്യേക പരിശീലന പരിപാടി.പാഠപുസ്തകത്തിലെ QR Code പരിചയപ്പെടുത്തുക,സമഗ്രയിലെ പഠനവിഭവങ്ങൾ പരിചയപ്പെടുത്തുക ,സമഗ്ര,വിക്ടേഴ്സ് എന്നീ മൊബൈൽ ആപ്പുകൾ പരിചയപ്പെടുത്തുക.സ്കൂളിലെ അടിസ്ഥാന വിവരങ്ങൾ അടങ്ങിയ സമേതം പോർട്ടൽ പരിചയപ്പെടുത്തുക..........തുടങ്ങിയ വൈവിധ്യമാർന്ന പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.









ഈരിപാടി സംഘടിപ്പിക്കുന്നതിനായി മുഴുവൻ അധ്യാപകർക്കും കൈറ്റിന്റെ ജില്ലാ ഓഫീസിൽ നിന്നും വീഡിയോ കോൺഫറൻസിലൂടെ പദ്ധതി വിശദീകരണം നൽകുകയുണ്ടായി.



ഇത് ഒരു നല്ല അനുഭവമായി മാറി.ഓണക്കാലത്ത് വിദ്യാർത്ഥികൾ ഡിജിറ്റൽ പൂക്കളമൊരുക്കി ഏവരുടെയും മനം കവർന്നു.ലിറ്റിൽ കൈറ്റ്സിന്റെ മറ്റൊരു പ്രധാന പ്രവർത്തനമാണ് 'ഡിജിറ്റൽ മാഗസിൻ നിർമ്മാണം'.സമയക്രമം പാലിച്ചു കൊണ്ടുള്ള ഓൺലൈൻ സബ്മിഷൻ ഇതിന്റെ ഒരു പ്രത്യേകതയാണ്. ഇത്തരത്തിൽ വിഭിന്നങ്ങളായ ആസൂത്രണങ്ങളിലൂടെ ഓരോ ലിറ്റിൽ കൈറ്റ്സ് യൂണിറ്റും അതിന്റെ പ്രവർത്തനം പൂർത്തിയാക്കുന്നു.

തയ്യാറാക്കിയത്

ജീന കെ വി

(കൈറ്റ് മിസ്ട്രസ്സ്)

**QUOTES**

"An eye for an eye will only
make the whole world blind"

-MAHATMA GANDHI

"Better to remain silent and be thought a fool,
then to speak but and remove all doubt"

-ABRAHAM LINCOLN

"Try not become a man of success,
but rather try to become a man of value"

-ALBERT EINSTEIN

"It is important to understand that if you do fall,
its important for you to get right back up again"

-SACHIN TENDULKAR

"Be not afraid of greatness : some are born great,
some achieve greatness ,
and some have greatness thrust up on them"

-WILLIAM SHAKESPEARE

# NATURE'S BEAUTY

How beauty nature it is,

Trees, sunlight, forest
Birds and plants
These make the world
As a heaven...

Rain, lightning, thunder
Are nature's
Stars twinkling in
The sky at night
Make the nature beauty.

The moon gives light,
It is beauty of nature
Natures beauty
Make the nature heaven..!

-Rinsha

# THE DAY I MET

## THE SEA...

The day I met the sea
I was just a bit of large world of joy and excitement;
I was just a single, until I met the sea
I saw many singles like me
The day I met the sea, I became a part of a large family,
And now I am happily departed from my family of loneliness....

My journey of life till today was quite alone
And yet when I changed my state from liquid to gas, and gas to liquid!

The bright glittering sun was laughing at me!
Like a cruel emperor who calls out for the little girl
Who was going to him the next victim
Now I'm a winner in my life and I saw my mother
Got my family and sort of everything
To laugh, cry and battle with each other

The day I met the sea was the day of my freedom....

**LIFE -**

**The four letters...**

It isn't about how much we live,
It's all about how we live.
It's said that,"LIFE, it just goes on...
On its own way"
While not to follow its way
But to make your own for being unique...

Either life could get stuck your way
Or the way you made could stop the way of life
It's on how hard the way you made is.....
It isn't about to have all you want
It's said that "Keep trying till you get it"
But before let you for what you didn't get
Just go for confirming that you have got
What you have

It's on how hard you lead your life to the fullest
It isn't about to have too many letters
To make great meaning to the word
LIFE, it doesn't have too many letters
But those four letters
Hides too many...!
It isn't about to see through your eyes
But to see through your wide heart....

-Shifana

# FRIENDSHIP

Friends are those people in your life with whom you do not have any blood relation. A friend is a gift you give to yourself. Your friend is someone with whom you feel comfortable and can easily share your thoughts and feelings. You do not have to think twice when you are with your friends.

A true friend loves you unconditionally, understands you, but never judges you and always tries to support you and give you good advice. A friend is one who will always be there when you need someone, he will leave all his important works, but will never leave you alone, especially in your difficult times. That is why it is said “A friend in need is a friend indeed.”

The importance of friendship cannot be undermined because we cannot survive without good friends. It is a very important raelationship in the emotional life of every human beings. The one who supports his friends, through emotional difficulties, is a “True friend.” he is ready to make sacrifices in order to help his friend.

A friend is a trust-worthy companion who cherishes special moments and memories of life with another person. A good friend play an active part in his friends life. He is happy when his friend is happy. He feels achieved with his friends accomplishment. They share affection, which fill them with positive energy, they spend time thinking of their friends.

Best friends are very special people in our life. They are the first people you think about when you make plans. The friends are the first people you go to when you need someone to talk to. When you're sad, they will try their hardest to cheer you up. They give best hug in the world! They are the shoulder to cry on, because you know that they truly care about you.

Growing true friendship is very hard and it takes time but once the friendship is broken it  is very difficult to fix it again. Friendship is all about trusting each other, helping each other, loving each other and being crazy together.

Fathimath Saja v.v
IX-E

# അളവുകളും സംഖ്യകളും

പലതരം അളവുകളെ സൂചിപ്പിക്കാനാണ് മനുഷ്യൻ സംഖ്യകൾ ഉണ്ടാക്കിയത്. ആടുമാടുകളെ മേച്ചു നടന്നിരുന്ന പുരാതന-കാലത്ത് ,കൂട്ടുകാരുടെയും, കാലിക്കൂട്ടങ്ങളുടെയുമൊക്കെ എണ്ണമറിയാൻ, മനുഷ്യർക്ക് എണ്ണൽസംഖ്യകൾ മാത്രം മതിയായിരുന്നു. കൃഷി തുടങ്ങുന്നതോടെയാണ് നീളം, ഭാരം, സമയം, മുതലായവ അളക്കേണ്ട ആവശ്യമുണ്ടായത്. ഇത്തരം കാര്യങ്ങൾ അളക്കാൻ ഒരു ഏകകം വേണം. ഉദാഹരണമായി, ഇന്നത്തെ കാലത്ത് നീളമളക്കാൻ മീറ്റർ, ഭാരമളക്കാൻ കിലോഗ്രാം,സമയമളക്കാൻ സെക്കന്റ് എന്നിങ്ങനെയുള്ള ഏകകങ്ങളാണ് ഉപയോഗിക്കുന്നത്.ഏകകത്തേക്കാൾ ചെറിയ അളവുകൾ സൂചിപ്പിക്കാനാണ് ഭിന്നസംഖ്യകൾ ഉണ്ടാക്കിയത്.

# BPOSITIVE

പരിഭവങ്ങളാണ് ഇന്ന് മനുഷ്യനെ വേട്ടയാടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന്.സ്വന്തം കഴിവുകളെ അംഗീകരിക്കാൻ കഴിയാതെ മറ്റുള്ളവരുടെ കഴിവുകൾ അനുകരിക്കാൻ ശ്രമിക്കുന്നതും,നമുക്ക് താഴെയുള്ളവരിലേക്ക് നമ്മുടെ ദൃഷ്ടി പതിയാത്തതും ആണ് പരിഭവത്തിൻെറ  പ്രധാന കാരണം.

ജീവിതത്തിൽ ഒരുപാട് മേഖലകൾ  എത്തിപ്പിടിക്കാൻ ഉണ്ടായിട്ടും എനിക്കൊന്നും ചെയ്യാൻ കഴിയാത്തതെന്താ.....എന്ന് ചിന്തിക്കുന്നിടത്ത് നിന്നാണ് പരിഭവത്തിന് ശക്തി കൂടുന്നത്. അതിന് ആദ്യം ചെയ്യേണ്ടത് സ്വന്തം കഴിവുകളെ തിരിച്ചറിയുക എന്നതാണ്.കാരണം,ഇത്തരം ഒരു പ്രവർത്തിയിൽ ഏർപ്പെടുന്ന ഒരാൾക്ക് താൻ പ്രവർത്തിക്കേണ്ട മേഖലയെക്കുറിച്ച് വ്യക്തമായ ധാരണ ലഭ്യമാകുന്നു.തൻെറ വരും കാല പ്രവർത്തനങ്ങളെ എങ്ങനെ കൊണ്ടുപോകണം എന്നും മനസ്സിലാക്കാൻ കഴിയുന്നു.

സ്വപ്നങ്ങൾ ഉണ്ടായിട്ടും അതിന് വേണ്ടി പരിശ്രമിക്കാതെ ആ സ്വപ്നങ്ങൾ നിന്നെത്തേടി  വരുമെന്ന് കരുതിയാൽ നിനക്ക് തെറ്റി.പ്രതിസന്ധി  കളെ തരണം ചെയ്ത ശേഷം ലഭിക്കുന്ന വിജയത്തിൻെറ മധുരം അത് പറഞ്ഞറിയിക്കാൻ പറ്റാത്തതാണ്.പരാജയത്തിലെ 'ജയം' അറിഞ്ഞാൽ മാത്രമേ

വിജയത്തിലെ 'ജയ' ത്തിന് മധുരം കൂടുകയുള്ളൂ.വിജയത്തിന് പിന്നിൽ ഒരു പരാജയം ഉണ്ടെങ്കിൽ നമ്മുക്ക് കൂടുതൽ കരുത്ത് നൽകും അതിനാൽ തന്നെയും പരാജയത്തെ ആരും തന്നെ ഭയപ്പെടേണ്ടതില്ല.മറ്റൊരു തരത്തിൽ പറഞ്ഞാൽ പരാജയവും ഒരു നെല്ലിക്ക പോലെയാണ്. അത് ആദ്യം കയ്പ്പുമെങ്കിലും പിന്നീട് മധുരിക്കും.

തെറ്റുമെന്ന് കരുതി നീ ഓരോ കാര്യങ്ങളും ഒളിച്ചുവെക്കുമ്പോഴാണ് നിനക്ക് ശരിക്കും തെറ്റുന്നത്.FAIL എന്ന വാക്കിനെ കീറിമുറിച്ച് പരിശോധിച്ചാൽ First Attempt in Learn എന്നാണെന്ന് മനസ്സിലാക്കാം.അതിനാൽ നിൻെറ ലക്ഷ്യമെന്താണോ അതിലേക്ക് നീ ആത്മവിശ്വാസത്തോടെ പതറാതെ പടവെട്ടണം. ആത്മാർത്ഥമായി.......

# BOOKS, OUR BEST FRIENDS

Books are good, they take us to
the factual world.
They are full of knowledge
jokes and teach us patience.
Books are our best friends,
They never cheat or scold us
They stay with us forever, until
we throw them away.
But it will forever remain in our hearts
Books are precious and informative
we at times dis like books
but we should not,
Because it is well known treasure.
Do not throw it away, let it stay
with you forever.

SAMRUDHA.V.P
IX-E

## ഉത്തരമില്ലാത്ത ഉത്തരക്കടലാസുകൾ...

2019 ജൂണിലാണ് സ്ഥലം മാറ്റം കിട്ടി പാപ്പിനിശ്ശേരി ഇ.എം.എസ് സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ഞാൻ ജോയിൻ ചെയ്തത്. തികച്ചും അപരിചിതമായ ദേശം, ആളുകൾ, നഗരത്തിലെ വീർപ്പുമുട്ടലുകൾ, തെല്ലൊരുത്കണ്ഠയോടെയെങ്കിലും ജോയിൻ ചെയ്തു. ധാരാളം ഡിവിഷനുകളും അതിനനുസരിച്ച് സ്റ്റാഫും. ചേർന്ന വിശാലമായ ഒരിടത്തേക്കാണ് ഞാൻ എത്തിപ്പെട്ടത്. "നെന്റെ എഴുത്തൊന്നും നമുക്ക് തിരിയുന്നില്ല" എന്ന് വലിയ ഒച്ചയിൽ പരാതി പറയുന്ന ഷെർമിള ടീച്ചർ. ഒരു വനിതാ പോലീസിന്റെ ഭാവഗൗരവവും ചിരിയിലും നോട്ടത്തിലും കരുതലും സ്നേഹവും ഒളിപ്പിച്ച റീത്ത ടീച്ചർ, പതിഞ്ഞ ശബ്ദത്തിലും ചലനത്തിലും സ്കൂളിന്റെ എല്ലായിടത്തും സാനിദ്ധ്യമാകുന്ന ജീന ടീച്ചർ, കേരളത്തിന്റെ ഭൂപടത്തിൽ 'കൊല്ലം' ജില്ലയെ മാത്രം സ്വപ്നം കാണുന്ന മലയാളം മാഷ്, കലയുടെ ഉപാസകനും സാത്വികനുമായ രത്നൻ മാഷ്.... എല്ലാവരുടെയും സൗഹൃദം വേഗം എന്റെ അപരിചിതത്വം ഇല്ലാതാക്കി.

ഊർജ്ജതന്ത്രത്തിന്റെ ഊർജ്ജം അല്പം പോലും ചോർന്നു പോകാതെ ക്ലാസ്സുകൾ നയിക്കുന്ന രമേശൻ മാഷ്, ഒരുമിച്ച് അപ്രത്യക്ഷരാവുകയും പ്രത്യക്ഷപ്പെടുകയും ചെയ്യുന്ന ദിനേശൻ മാഷും രാമൻ മാഷും, കണ്ണട നെറുകയിൽ കുത്തി നിർത്തി ഏതോ പുതിയ സമവാക്യം കണ്ടു പിടിക്കാനെന്ന ഭാവത്തിൽ ഇരിക്കുന്ന ലസിത മാഡം ആദ്യകാലമലയാള ചലച്ചിത്രത്തിലെ സുകുമാരിയുടെ വേഷത്തെ ഓർമ്മിപ്പിച്ചു. ഒരു ശലഭത്തെ പോലെ പറന്നുനടന്ന് പാട്ടുകൊണ്ട് എന്നെ അത്ഭുതപ്പെടുത്തിയ ഗണിതസ്വാമി നജ്മ. സഹപ്രവർത്തകരുടെ കഴിവുകൾ വേഗം തിരിച്ചറിഞ്ഞ് അഭിനന്ദിക്കാൻ മടിക്കാത്ത ജ്യോതി ടീച്ചർ,

'മഞ്ഞിലെ' വിമലയെന്ന കഥാപാത്രത്തിന്റെ ശാലീനതയെ അനുസ്മരിപ്പിക്കുന്ന രമ്യ ടീച്ചർ. ക്ലാസിന്റെ അച്ചടക്കം അനായാസം നിലനിർത്തുന്ന ആജ്ഞാശക്തികളായ സ്മിത ടീച്ചറും വിദ്യ ടീച്ചറും, ആയുർവേദത്തിന്റെ അപൂർവ്വതകളും സാധ്യതകളും ഞങ്ങൾക്ക് പരിചയപ്പെടുത്തിയ കവിത ടീച്ചർ, സാമൂഹ്യശാസ്ത്രത്തിലെ ത്രിമൂർത്തികളായ ലേഖ, ശാരിക, രചന എന്നീ അധ്യാപകർ, സ്റ്റാഫ്റൂമിലെ ആസ്ഥാനഗായിക അനുഷ, അറിയാതെ ആദരവ് തോന്നുന്ന വന്ദന ടീച്ചറും സോജ ടീച്ചറും അകക്കണ്ണിൽ വെളിച്ചം നിറച്ച് നിലാവുപോലെ ചിരിക്കുന്ന മേഘ ടീച്ചർ...തുടങ്ങിയവരെ പിന്നീടാണ് ഞാൻ പരിചയപ്പെട്ടത്.

ഇനി അനുഭവക്കുറിപ്പിലേക്ക് വരാം...

ആദ്യത്തെ ക്ലാസ്സ് X C ആയിരുന്നു. ക്ലാസ്സിൽ എത്തി പതിവുപോലെ ചടങ്ങുകൾക്ക് ശേഷം പഠനത്തിലേക്ക് കടക്കാമെന്നായി. എഴുത്തച്ഛന്റെ പാഠമായിരുന്നു ആദ്യത്തേത്. ആമുഖമൊക്കെ കഴിഞ്ഞ് പാഠഭാഗവുമായി ബന്ധപ്പെട്ട ചില ചോദ്യങ്ങൾ ഞാൻ ചോദിച്ചു. കുട്ടികളുടെ കണ്ണൂരിന്റെ മൊഴി മലയാളത്തിലുള്ള ഉത്തരങ്ങൾ കൗതുകത്തോടെ ഞാൻ കേട്ടു നിന്നു. പുസ്തകമെടുക്കാൻ ആവശ്യപ്പെട്ടപ്പോൾ പെട്ടെന്ന് മൂന്നാമത്തെ ബെഞ്ചിൽ നിന്ന് ഒരു ശബ്ദം.

"ടീച്ചറെ ഞാൻ മൂത്തറം ഒയിച്ചാൻ പോട്ടെ."

ദ് ആരപ്പാ? ഞാൻ അന്തം വിട്ട് നോക്കുമ്പോൾ വെളുത്ത് മെലിഞ്ഞ് മുടി പറ്റേ വെട്ടിയ ഒരു പയ്യൻ. എപ്പോഴും അവന്റെ മുഖത്തൊരു നിറഞ്ഞ ചിരിയുണ്ടായുണ്ടെന്നത് ഞാൻ ശ്രദ്ധിച്ചു.

എന്താ പേര്?

'സിനാൻ'

ടോയെറ്റിൽ പോയിട്ട് വേഗം വര്വോ?

"ന്റെ തല തത്ത്യായിട്ട് വേഗം വരാം ടീച്ചർ."

അവൻ പുറത്തേക്ക് ചെരുപ്പിഴച്ച് നടന്നു പോയി. ഞങ്ങൾ പാഠഭാഗത്തിലേക്കും. പിന്നീടുള്ള ക്ലാസ്സുകളിൽ ഞാനെത്തുമ്പോൾ ഇരു കയ്യും കൂപ്പി ചിരിയോടെ അവൻ ചോദിക്കും.

തീച്ചറ് ചായ കുടിച്ചോ?

കുടിച്ചു. നീയെന്താ കഴിച്ചേ?

'ഉണ്ടപ്പുട്ട്' അവൻ മറുപടി പറയും.

ക്ലാസ്സിൽ ആരെയെങ്കിലും വഴക്ക് പറഞ്ഞാൽ വേഗം അവൻ ഇടപെടും എന്നിട്ട് "തീച്ചറ് ഓനോട് കലമ്പണ്ട, ഓനെന്റെ സുഹൃത്താ കേത്തോ?" എന്ന് അന്ത്യശാസന നൽകും തന്റെ മുഷിഞ്ഞ പുസ്തക സഞ്ചിയുമായി ചരടിൽ നിന്ന് വേർപ്പെട്ടു പോയ ഐഡന്റിറ്റികാർഡ് കവിളത്ത് ചേർത്ത് വരാന്തയിലൂടെ വന്നിട്ട് എന്നോട് കുശലം പറയും.

"ഞാനേയ് രാജാവാ, ആട്ടിന്റെ രാജാവ്."

"ഞാനെന്റെ മക്കൾക്ക് വേണ്ടീട്ടാ ജീവിക്കുന്നേ."

ആരാ നിന്റെ മക്കള്? ഞാൻ ചോദിച്ചു.

"എന്റെ ആട്ടിൻ കുട്ട്യോള്

ഞാനവരുടെ ഉപ്പയാ"

"ഇസ്ക്കൂള് വിട്ടാല് വീട്ടിലെത്തിയപാട് കുപ്പായം മാറ്റി തന്റെ മക്കളുടെ അടുത്ത് പോകും എന്നിട്ട് അവയ്ക്ക് തുന്നാൻ കൊടുക്കും." ഈണത്തിൽ അവൻ പറഞ്ഞു നിർത്തി.

ഓണ പരീക്ഷയായി. സ്ക്കൂൾ പൂട്ടി.

ഞാൻ നാട്ടിലേക്ക് പോന്നു. പേപ്പർ നോക്കുന്നതിനിടയ്ക്ക് ഒറ്റത്താളുള്ള സിനാന്റെ ഉത്തരക്കടലാസും കിട്ടി. ചുവര് നിറയെ 'ഠ' കാരമെഴുതിയ ഖസാക്കിന്റെ ഇതിഹാസത്തിലെ അപ്പുക്കിളിയെ ആണ് എനിക്കോർമ്മ വന്നത്.

'ഠ' കാരത്തിന് പകരം 'ന്ന'കാരമാണ് അവനെഴുതിയതെന്നു മാത്രം. ജീവിതത്തിന്റെ ശൂന്യതയാണ് അപ്പുക്കിളി വരച്ചതെങ്കിൽ 'ന്ന' കാരം അനുസ്യൂതമായ ജീവിതത്തിന്റെ നൈരന്തര്യത്തെ സൂചിപ്പിക്കുന്നു എന്ന് ഞാൻ വ്യാഖ്യാനിച്ചു.

ആ ഉത്തരക്കടലാസിനോട് എനിക്ക് എന്തെന്നില്ലാത്ത വാത്സല്യം തോന്നി. ചില ഉത്തരക്കടലാസുകൾ അങ്ങനെയാണ്. പരമ്പരാഗത മൂല്യനിർണയത്തിന്റെ രീതി ശാസ്ത്രത്തിനോ തിരുത്തലുകാർക്കോ അവ വഴങ്ങാറില്ല. ഔപചാരികതയ്ക്കപ്പുറം മാനവികതയുടെ വൈകാരികതലം അതിനുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. അനുരൂപീകരണം(assimilation) എന്ന പദത്തിന്റെ ചതുരങ്ങളിൽ നാം അവരെ അടയാളപ്പെടുത്തുമ്പോൾ അനുനിമിഷം കുതറി മാറിക്കൊണ്ടിരിക്കുന്നു. അവരുടെ മനസ്സിനെ നാം എവിടെയാണ് തളയ്ക്കേണ്ടത്. സിനാനെപ്പോലെ നിരവധി മുഖങ്ങളെ പിന്നെയും എന്റെ സ്ക്രൂളിൽ ഞാൻ കണ്ടു. നിറവും മണവും മധുരവുമുള്ള കൗമാര കാഴ്ചകളിൽ നിന്നും ചങ്ങാത്തങ്ങളിൽ നിന്നും അകന്ന് വിദൂരങ്ങളിലേക്ക് കണ്ണ് പായ്ക്കുന്നവർ. സൂര്യതേജസോടെ വീൽചെയറിൽ നീങ്ങിവരുന്ന മറ്റൊരു മിടുക്കൻ ഇങ്ങനെ എത്ര എത്ര കുട്ടികൾ പലപ്പോഴും സിനാനെ പോലുള്ളവർ ക്ലാസ്സിന്റെ അച്ചടക്കം തകിടം മറിക്കാറുണ്ട്. അപ്പോഴൊക്കെ കുറച്ചുകൂടി സംയമനം പാലിക്കാൻ ഞാൻ ശീലിച്ചു. അദ്ധ്യാപിക എന്ന നിലയിൽ സ്വയം നവീകരിക്കാനും പൊളിച്ചെഴുതാനും എന്നെ ചിന്തിപ്പിച്ചത് ഈ മുഖങ്ങളാണ്.

എങ്കിലും,

ഇപ്പോഴും എല്ലാ മലയാളം പിരിയഡിലും ആ ചോദ്യം ആവർത്തിച്ചുകൊണ്ടിരിക്കുന്നു.

"ടീച്ചറെ ഞാൻ മൂത്തറം ഒയിച്ചാൻ പോത്തെ."

ശ്രീലേഖ എസ്,മലയാളം അധ്യാപിക

## തീഗോളം

ഭൂമി ഒരു തീഗോളമായ് മാറുന്നു
കരിഞ്ഞുണങ്ങുന്നു സർവവും
ആദിത്യാ നീയും തോറ്റുപോം
വരും നാളുകളിൽ
കാരണം ആഗോളതാപനം

നാലരക്കോടി വർഷങ്ങൾക്കപ്പുറം
അവസാനകണ്ണിയാം
അത്ഭുതമാം മർത്യൻ
ഇന്നോളം കാട്ടിക്കൂട്ടിയ പേക്രൂത്തുകളുടെ
അനന്തര ഫലമല്ലോ ഇത്
ഹരിതഗൃഹവാതകങ്ങൾ -ഇവരാണ് ഭീകരർ
ഓസോൺ പാളിതകർക്കുന്നു
സംരക്ഷിത കുടയ്ക്ക് കീഴെ
സുരക്ഷ നഷ്ടപ്പെട്ട് ഭൂമി നടുങ്ങുന്നു

ബുധനും ശുക്രനുമല്ല ഭൂമി
എന്നിട്ടും തപനം അതികഠിനം
മാറിടം വിളരുന്നു
പാരിടം തകരുന്നു
ഹോ എത്ര ഭയാനകം

ലോകരാഷ്ട്രങ്ങൾ ഭൗമ ഉച്ച കോടികൾ ചേരുന്നു
ചർച്ച,ആകോളതാപനം
ഫലമില്ല
വികസിത വികസ്വര രാഷ്ട്രങ്ങൾ
വിഷക്കാറ്റൂതി വിടുന്നു

വറ്റുന്ന പുഴകൾ , നീർച്ചാലുകൾ കായലുകൾ
ഒരിറ്റ് ശുദ്ധജലത്തിനായ്
നെട്ടോട്ടമോടുന്നു പാവങ്ങൾ

ശുദ്ധ വായു സിലിണ്ടറിൽ നിറച്ച്
വില്പനച്ചരക്കായ് മാറ്റുന്നു-ചിലർ
ഇത് നിലയ്ക്കുന്ന കാലവും
അതിവിദൂരമില്ലെന്നറിയുന്നില്ലിവർ

വിദേശിക്കുന്നു രാഷ്ട്രങ്ങൾ
മലിനമാക്കുന്നു ഭൂമിയും
ആയുസ്സറ്റ ധരണിയിൽ
മാനവനും ഇനിയെത്ര കാലം

ഉണരുക മനുഷ്യാ നീ
നിന്റെ ഇടത്താവളം
ഒരു തീഗോളമായ് മാറാതിരിക്കാൻ
വെടിയുക നിന്റെ അത്യാർത്തി
നിന്മേൽ പുതപ്പാം നീലാകാശം
വിഷമയമായി മാറാതിരിക്കാൻ
വിഷം വമിക്കുന്നവാഹനങ്ങളും
ഫാക്ടറികളും പെരുകുന്നു
തുടർന്ന് ചർച്ച ഉച്ചകോടി
വിഷയം ആഗോളതാപനം
ലക്ഷ്യം സുസ്ഥിരവികസനം

ഒരുമിക്കാംനമുക്ക് ഒരു നല്ല നാളെക്കായി
കൈകോർക്കാം നമ്മുക്ക്
ഒരു സുന്ദര ലോകത്തിനായ്
യത്നിക്കാം നമുക്ക് ഈ
ഭൂഗോളം ഒരു തീഗോളമാവാതിരിക്കാൻ
ഒരു തീഗോളമായ് മാറാതിരിക്കാൻ

-കെ. ഒ. രാമചന്ദ്രൻ
( സാമൂഹ്യ ശാസ്ത്രം അദ്ധ്യാപകൻ )

# MOM...

HIBA 9F

Mom gave birth to me,
she smiled to me
She is my first teacher
She is my best friend
She teaches how to speak
She teaches the first lesson of my life
When I was worried
Her eyes filled with tears
She protects me from every eagle eyes
She beats me when i am going bad
You are the best lady
Best motivation, best one of the
Whole world
I can't explain you in limited words
Mom I salute you
You are the kindness.

## Sky Of Life, Dream

Along with my dreams
I sour as high as i can
To where , i was vexed
To the Aaron's rod or Aaron's Beard
Then I saw as beautiful as a Nymph
You stood before me as lovely as the cherry
In a blue Yukata and a diamond lamp
blossom in hand
Your smile was like the morning dew,
You gave me my way of life,
Stars that bloom like crimson leaves
Your limitless imaginations
Will always dwell in my heart
When I look at the stars, I wonder
If you were looking too
Where I have to go ?
To the left where nothing is left
I know he's your past
But who i am for you
Is still unclear.
You left me with all your heart,
Did you do that too?
You are something that -
Fascinated me
Who are you, an angel or a goddess?
The place you took me to,
Was all dark and feeble

But you taught me
To see the light and the beauty of this world
In the apocalypse and the misery
You loved me like your life
But one day you,
Were lost from me forever
Like the earth's worth
You were covered in
The hedges of despair
But everything I look on ,
Back to my dreams
And this marooned life of mine
I always cherished you
In the bottom of my heart
As the winter arrives
As the spring blooms
I'll wait for you to come
And awake my dreams.
To give me the essence of life
For which I live with you
Forever and ever...

## കടങ്കഥകൾ

1.അകത്ത് രോമം പുറത്തിറച്ചി

2.ആയിരം കുഞ്ഞുങ്ങൾക് ഒരു അരഞ്ഞാണം

3.വെള്ളപ്പാത്രത്തിൽ കറുത്ത മുന്തിരി

4.കാള കിടക്കും കയറോടും

5.ഓടും കുതിര ചാടും കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര

6.മൂലക്കിരിക്കും മുത്തശ്ശി

7.മടക്കിയാലും മടക്കിയലും തീരാത്ത പായി

8.ആന കേറാമല ആടു കേറാമല ആയിരം കാന്താരി പൂത്തുലഞ്ഞു

9.മൂന്ന് കണ്ണുള്ളവൻ ചന്തയ്ക്ക് പോയി

10.എഴുന്നേറ്റാൽ ആവശ്യം കിടന്നാൽ അനാവശ്യം

**ഉത്തരങ്ങൾ**

1. മൂക്ക്
2. ചൂല്
3. കണ്ണ്
4. മത്തങ്ങ
5. ചെരുപ്പ്
6. ചൂല്
7. റോഡ്
8. ആകാശം
9. തേങ്ങ
10. ചെരുപ്പ്

mahira

# THE STORY OF 'π'

Once it was discovered that the perimeters of circle are scaled by the same factor as their diameters, it was realised that the perimeters of all circles are the same multiple of their diameters. The next quest was to find this multiplier. In olden times, fractions approximating this number were used. In different times and in different places, these approximations were made better and better. Though it was proved only much later that this number cannot be expressed as a fraction, it must have been recognised quite early.

This number was named **π** by the English mathematician, William Jones in 1707AD. Euler, born in Switzerland ,started using it in his writings

# KITTY, THE CUTIE PIE...

Oh my kitty...how cute are you!

Sweet kitty, lovely kitty, how do you do?
Chubby face, round-round eyes,
Furry tail, only mine..!

Doesn't ever leave me,
I may get depressed;
Each and every second
I'll miss you....

I believe that you're the best;
I hope you'll turn out the coolest,
you're very much playful..
KEEP IT UP..!

-Shifana C.M

## FLOWER...

What a beautiful flower you are!
Flower you are seen everywhere on earth
You give happiness in my entire life
Flower you are the only one that decorate earth
What a beautiful flower you are!

Flower, you are sitting in my
chair
People mostly exchange you
Showed their love, affection
To dear and near ones

You are the meaning of love
You have not broken any heart
You are the medicine for depression
You are the wonderful
Thing in whole world
We love you,
What a beautiful flower you are!

HIBA

# SILENCE IS GOLDEN

A silent person produces an impression of being serious minded and thoughtful. A talkative person on the other hand, creates the impression of being light hearted and shallow. A person who is a wise generally remains silent. A fool on the contrary, has a tendency to keep talking most of the time. A talkative person is likely to give out secrets. while a silent person can be relied upon to keep secrets. It is for these reasons that persons of a silent nature are entrusted with task and responsibilities which demand secrecy and integrity. Further more, a silent person is quicker than a talkative person who waste much time in talk. A silent person generally commands respect because of his reserved nature. He is thought to be profound and philosophical in his greatness upon life and when he opens his mouth, he is listened to with full attention. But a talkative person is generally ignored.

"In short, silence is golden while
Talkativeness is a serious drawback"

Shazana Abdullah

# SPRING

It was a Saturday
Flowers are very happy
Birds are singing to breeze
Trees are swelling at wind
Leaves are falling at the roads
Bees are sucking honey
Flowers are smiling to the sky
It was the gift of god
Garden have full of flowers
In different colours, shapes
Children's were playing at garden
Spring was sign of love......

SAHALA V.P
IX -E

## മാതൃസ്നേഹം

ഒരു ഗ്രാമത്തിൽ ഒരമ്മയും മകനും ഉണ്ടായിരുന്നു. അമ്മയ്ക്ക് ഒരു കണ്ണ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് കാരണത്താൽ മകന്റെ കൂട്ടുകാർ അവനെ സ്ഥിരം പരിഹസിക്കുമായിരുന്നു. ഇത് അവന് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു .അത് കൊണ്ട് അവൻ അമ്മയെ ഉപേക്ഷിച്ച് നാടുവിട്ടു പോയി.

കുറച്ചു വർഷങ്ങൾക്കു ശേഷം അമ്മയ്ക്ക് അവനെ കാണാൻ ഒരു മോഹം തോന്നി. അവൻ എവിടെയായിരുന്നെന്ന് അമ്മയ്ക്ക് അറിയില്ലായിരുന്നു.അമ്മ എല്ലാവരോടും ചോദിച്ചു. ആർക്കും അറിയില്ല. അവസാനം അവന്റെ അഡ്രസ് അവന്റെ കൂട്ടുകാരന്റെ കൈയ്യിൽ നിന്ന് കിട്ടി. അമ്മ മകന്റെ അടുത്തു ചെന്നു . അവൻ അമ്മയെ നോക്കിയതുപോലുമില്ല അത് അമ്മയ്ക്ക് വളരെയധികം വിഷമമായി .

കുറച്ച് മാസങ്ങൾക്ക് ശേഷം അവനൊരു കത്ത് വന്നു :

പ്രിയപ്പെട്ട മകനേ ,

പണ്ട് നമ്മുടെ കാറും ലോറിയും കൂട്ടിയടിച്ചു ആ അപകടത്തിൽ നിന്റെ അച്ഛൻ മരിക്കുകയും

നിന്റെ ഒരു കണ്ണ് നഷ്ടപ്പെടുകയും ചെയ്തു . അത് കൊണ്ട് എന്റെ കണ്ണ് ഞാൻ നിനക്ക് തന്നു. അത് കൊണ്ടാണ് എനിക്ക് ഒരു കണ്ണ് ഇല്ലാത്തത്

എന്ന് നിന്റെ അമ്മ

ഇത് വായിച്ചപ്പോൾ അവന്റെ കണ്ണ് നിറഞ്ഞു. അവൻ അമ്മയെ തിരക്കി വീട്ടിൽ ചെന്നു .അവിടെ ആരും ഉണ്ടായിരുന്നില്ല.ഇത് കാരണത്താൽ അവൻ നാട്ടിൽ തിരക്കി. അപ്പോഴാണ് അമ്മ മരിച്ചിട്ട് രണ്ട് മാസമായി എന്ന് അവൻ അറിഞ്ഞത് . അത് കേട്ട്

അവൻ അവന്റെ തെറ്റ് മനസ്സിലാക്കി , പിന്നീട് അവന്റെ തെറ്റിൽ അവൻ പശ്ചാത്തപിച്ചു.................(ഒരിക്കലും സ്വന്തം അമ്മയെ വേദനിപ്പിക്കരുത് . പിന്നീട് പശ്ചാത്തപിക്കേണ്ടി വരും.)

മനുഷ്യാ നീ ന്യായീകരിക്കുക

മനുഷ്യാ നീ ന്യായീകരിക്കുക
സ്വന്തം മതത്തെ തള്ളിപ്പറഞ്ഞവനെ
ദൈവങ്ങളെ പുച്ഛിച്ചവനെ
അപരന്റെ മുതൽ കവർന്നെടുത്തവനെ
പാവപ്പെട്ടവന്റെ അന്തിക്കഞ്ഞിയിൽ
മണ്ണ് വാരിയിട്ടവനെ
കൂടപ്പിറപ്പിന്റെ തലയറുത്തു രക്തം
കുടിച്ച് ദാഹമകറ്റിയവനെ
പെറ്റമ്മയെ വ്യഭിചാരിയെന്നു മുദ്രകുത്തിയവനെ
പെങ്ങളെ വേശ്യാലയത്തിൽ വിറ്റ പണം കൊണ്ട്
കള്ള് മൊന്തിയവനെ.......
പതിനാറുകാരിയിലൽ കാമം തീർത്ത
വികാരിയച്ചനെ...
കാടിന്റെ മക്കളെ തച്ചുകൊന്ന്
സെൽഫിയെടുത്താഘോഷിച്ചവനെ
സാധാരണ ക്കാരന് മോഹം കൊടുത്ത്
വിഡ്ഢിയാക്കി
ആഡംബരക്കാറിൽ ഉലകം ചുറ്റുന്ന

രാഷ്ട്രീയക്കാരനെ

പിഞ്ചുകുഞ്ഞിന്റെ കണ്ണുപൊട്ടിച്ച്, നിരത്തിൽ

തെണ്ടാനിരുത്തുന്ന ഭിക്ഷാടനമാഫിയയെ,

പെങ്ങൾമാരെ പറഞ്ഞുമയക്കി കയ്യിൽ

തോക്കും ബോംബും കൊടുക്കുന്ന

ഭീകരസംഘടനയെ,

തെരുവിലും,ബസ്സിലും,ട്രെയിനിലും

സ്ത്രീയെ വലിച്ചു കീറിയവനെ

പിതാവിന്റെ നെഞ്ചിൽ കഠാരകയറ്റിയവനെ......

നാളെ ഇവരിലൊരാൾ എന്റെയും നിന്റെയും

അടുക്കളയിലും കിടപ്പറയിലും

കയറി നിരങ്ങിയാലും

നമുക്കിതുപോലെ ന്യായീകരിക്കാം.......

ശേഷം ഏതെങ്കിലുമൊരുത്തൻ

ഇതിനെതിരെ നാവുയർത്തിയാൽ

നമുക്കവനെ മതഭ്രാന്തനെന്നും

വർഗീയവാദിയെന്നും മുദ്രകുത്തി

കല്ലെറിയാം........തുറങ്കിലടക്കാം

## ബാല്യകാലസഖി : വിചിത്രാനുഭവത്തിന്റെ നേർസാക്ഷ്യം

എട്ടുകാലി മമ്മൂഞ്ഞ് , മണ്ടൻ മുത്താപ്പ , ആനവാരി രാമൻനായർ , പൊൻകുരിശ് തോമ.... മലയാള മനസ്സിൽ ഇടം നേടിയ ഒട്ടേറെ കഥാപാത്രങ്ങളിലൂടെ കഥയുടെ ഭാവപ്രപഞ്ചത്തിൽ സ്ഥാനമുറപ്പിച്ച വിശ്വവിഖ്യാതനായ എഴുത്തുകാരനായിരുന്നു വൈക്കം മുഹമ്മദ് ബഷീർ .

### വിഖ്യാത കൃതി

ജീവിതാനുഭവങ്ങളും നിത്യസുന്ദരമായ സ്വപ്നങ്ങളും ചാലിച്ചെഴുതിയ ബഷീർ കൃതികളിൽ കിളികളും , പൂക്കളും , മരങ്ങളും , പാമ്പും , പഴുതാരയുമെല്ലാം കടന്നു വന്നിട്ടുണ്ട് . ഒരു വിചിത്രാനുഭവം ബഷീറിനെ ഗ്രസിച്ചപ്പോൾ അത് വിശ്വവിഖ്യാതമായൊരു സാഹിത്യകൃതിയായി മാറിയതാണ് ബാല്യകാലസഖി.

### സുഹ്റയെന്ന കളിക്കൂട്ടുകാരി

വീട്ടിൽ നിന്ന് പിണങ്ങിയ ഇരുപതുകാരൻ ബഷീർ യാതൊരു ലക്ഷ്യവുമില്ലാതെ ഇന്ത്യ മുഴുവൻ അലഞ്ഞ കാലം . ആ ഊരുചുറ്റൽ ഒടുവിൽ ചെന്നെത്തിയത് കൊൽക്കത്തയിൽ അവിടെ ലോവർ ചിറ്റ്പൂർ റോഡിലെ ആറുനില കെട്ടിടത്തിന്റെ മുകളിലുള്ള കൊച്ചുമുറിയിൽ താമസിക്കുകയാണ് ബഷീർ . അഭയാർഥികളായി ഒട്ടേറെപേർ വേറെയുണ്ട് . പകൽ

മുഴുവൻ  അലച്ചിലോട് അലച്ചിൽ . അത്യുഷ്ണവും വിയർപ്പിന്റെ ഗന്ധവും ഒപ്പം മൂട്ടകളുടെ അലോസരവും.

ടെറസ്സിലേക്ക് പോയി . മുകളിൽ നീലാകാശം , അപാരതയിലേക്ക് കണ്ണുംനട്ട് കിടന്നു . ഇളംകാറ്റ് വല്ലാതെ തഴുകിക്കൊണ്ടിരുന്നു .

അപ്പോഴതാ മുല്ലപ്പൂവിന്റെ സുഗന്ധവും , കുപ്പിവളകളുടെ കിലുക്കവും , വെമ്പലോടെയുള്ള കാലടിവെപ്പുകൾ . ബഷീറിന് തോന്നി , തന്റെ അടുത്ത് ആരോ ഇരിക്കുന്നില്ലേ ? അമ്പരപ്പോടെ കണ്ണുതുറന്നു . പായയിൽ തന്റെ തൊട്ടൊരുമ്മിനിൽക്കുന്നു ഒരു സുന്ദരി.

"ഞാനാണ് സുഹറ"- അവളുടെ ശബ്ദം ആർദ്രമായിരുന്നു.

സുഹറ ! തന്റെ ബാല്യകാല സഖി ..... അയൽക്കാരി. തന്റെ ഗ്രാമത്തിലെ ഈ കൊച്ചുപെണ്ണ് എങ്ങനെ ഈ മഹാനഗരത്തിലെത്തി ? “ഞാൻ എവിടെയൊക്കെ തിരക്കിന്നറിയ്യോ ? നല്ല ആളാ .... ഇപ്പോഴാ കണ്ടുകിട്ടിയത് "- അവൾ വല്ലാതെ പരിഭവിച്ചു.

"എന്തു വിശേഷം?"-അമ്പരപ്പോടെ ബഷീർ തിരക്കി.

“അറിഞ്ഞില്ലേ ...... ഞാൻ മരിച്ചു പോയി . നമ്മുടെ പള്ളിപ്പറമ്പിന്റെ കിഴക്കെ മൂലയിലുള്ള പിലാവില്ലേ , അതിന്റെ ചുവട്ടിലാണ്  എന്നെ അടക്കിയത് ."

ബഷീർ പരിഭ്രമിച്ച് ചാടി എഴുന്നേറ്റു . അടുത്തെങ്ങും ആരുമില്ല. ഇപ്പോൾ മുല്ലപ്പൂവിന്റെ പരിമളമില്ല ,  വളകിലുക്കമില്ല ,

എല്ലാം എങ്ങോ മറഞ്ഞിരിക്കുന്നു . കൂട്ടിന് നിറഞ്ഞ പൂനിലാവ് മാത്രം .

നാട്ടിൽ തന്റെ കളിക്കൂട്ടുകാരി അകാലചരമം പ്രാപിച്ചത് ബഷീർ അറിയുന്നത് ഇങ്ങനെയാണ് . ഈ അനുഭവമാണ് ബാല്യകാലസഖി എഴുതാൻ ബഷീറിനെ പ്രേരിപ്പിച്ചത്.

ബേപ്പൂർ സുൽത്താൻ

അതാണ് ജീവിതം എഴുതിയ ബഷീർ . ജീവിതം അനുഭവിച്ചറിഞ്ഞ എഴുത്തുകാരനായ വൈക്കം മുഹമ്മദ് ബഷീർ . തനിക്ക് വ്യാകരണമറിയില്ലെന്ന് പറഞ്ഞ എഴുത്തിന്റെ സുൽ ത്താൻ . തനിക്ക് കിട്ടിയ താമ്രപത്രം കുറുക്കനെ എറിയാൻ ഉപയോഗിച്ചെന്ന് തമാശയായി പറഞ്ഞ ബേപ്പൂർ സുൽത്താൻ.....

കെ . പി ഗായത്രി
XI - B

# സർപ്പരോദനം

ശ്രേയ കെ ,8B

അമ്മേ ഞനൊരു പാവയല്ലേ
ഇന്ന റിവിനും
ഞാനൊരു ശാപമല്ലേ
എന്റെ   ഉദരമാം കരച്ചിൽ കേട്ടുഞാൻ
വിശന്നൊരവശനായി തീർന്നുവമ്മേ
അന്നേരമായി മമ മുന്നിലായി കണ്ടല്ലോ
എന്നിരാപോലൊരികാലുകൾ
ഞാനൊന്നുകൊത്തിയുടനെ മയങ്ങി
യെന്നേരംപൊങ്ങി ജനരോദനം
പെട്ടന്ന് ഞാൻ   നോക്കുമ്പോള്ത്
വിദ്യാലയം കൊത്തിയതോമനയെ

മാപ്പു തരുമോ പാരിൻ സ്വാപ്നങ്ങൾ
മൂർഖനായി   തീർന്നൊരീ  പാപജന്മം
ക്രൂട്ടരെ  എൻനിണം കയറിപ്പിടിച്ചൊരാ
ദേഹശകലത്തിൽ ചുരുൾ കെട്ടൊഴിഞ്ഞ്
മൂർഖനായ് പാമ്പിന്റെ നാവിന്റ തുമ്പത്ത്
ചുടല രക്ത മിനിയാണ് ശാപമല്ലേ

ഈ ലോകജനതയെക്കാളെന്നെ
ഞാനിടവയുന്നു യെന്നിടയിൽ
ശപിക്കല്ലേ എന്നെ ഞൻ പാപിയല്ല
കോപിച്ചിരിക്കും മനുഷ്യപാപിയല്ലേ
ഷഹലേ മാപ്പ് ... എന്മകളേ മാപ്പ്
എൻ പൊന്നുമക്കളേകണ്ണീരിൽ മാപ്പ്

# പ്രയത്നം

പണ്ടൊരു ഗ്രാമത്തിൽ സൂര്യ എന്നൊരു കുട്ടിയുണ്ടായിരുന്നു . അവൻ പഠന കാര്യത്തിൽ വളരെ മികച്ച കുട്ടിയായിരുന്നു . അവന്റെ കുടുംബം വളരെ പാവപ്പെട്ടതായിരുന്നു . സൂര്യയുടെ അച്ഛൻ ബസ് ഡ്രൈവർ ആയിരുന്നു . പക്ഷെ ബസ്സിന്റെ മുതലാളി പൈസയൊക്കെ കുറച്ചേ കൊടുക്കാറുള്ളൂ . എപ്പോഴും ശകാരിക്കാറുണ്ട് . അത് പലപ്പോഴും സൂര്യ കാണാറുണ്ട് . അവന് ദേഷ്യം വരും . പക്ഷെ എന്ത് ചെയ്യാൻ അവന്റെ അച്ഛൻ വേറെ വഴിയൊന്നുമുണ്ടായിരുന്നില്ല . അതുകൊണ്ടുതന്നെ സൂര്യയുടെ സ്വപ്നം പഠിച്ചു വലിയ ജോലി നേടണം എന്നാണ് . എന്നിട്ട് അച്ഛനെയും അമ്മയെയും നല്ല രീതിയിൽ നോക്കണം. അങ്ങനെ കുറെ വർഷങ്ങൾക്ക് ശേഷം അവൻ വലിയ റാങ്കോടെ പാസായി . അവന്റെ അച്ഛൻ അസുഖം ബാധിച്ച് കിടപ്പിലായി . അവരുടെ അവസ്ഥ വളരെ ദയനീയതയിലായി . അതോടെ സൂര്യ തീരുമാനിച്ചു ജോലി ചെയ്യണമെന്ന് .ജോലി അന്വേഷിച്ചു പക്ഷെ ആദ്യം അവന് പരാജയമാണ് ഉണ്ടായത് . പിന്നെ അവന്റെ കൂട്ടുകാരൻ ലിജിന്റെ നിർദ്ദേശപ്രകാരം ഒരു ബസ്സ് ഡ്രൈവറായി അങ്ങനെ ജോലി ചെയ്ത് കിട്ടുന്ന പണമെല്ലാം ബാങ്കിൽ നിക്ഷേപിച്ചു . ബാക്കികുറച്ച് പണം വീട്ടുചെലവിനും അച്ഛന്റെ മരുന്ന് വാങ്ങാനുള്ള ആവിശ്യത്തിനും എടുത്തു . അങ്ങനെ കുറേ കാലം കഴിഞ്ഞ് പോയി . അവൻ സ്വന്തം ബസ്സ് വാങ്ങി .

അങ്ങനെ കുറേ പണമുണ്ടായി അവൻ വലിയ കമ്പിനിയും തുടങ്ങി . എന്നാലും അവൻ അഹങ്കാരമൊന്നും ഉണ്ടായില്ല . ബസ്സ് ഡ്രൈവറായി തന്നെ തുടർന്ന് . പിന്നെ അവൻ കുറേ കാലം സന്തോഷത്തോടെ അച്ഛനെയും അമ്മയെയും നോക്കി ജീവിച്ചു . ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാം ലക്ഷ്യം വെച്ച് പഠിച്ചാൽ നമ്മൾ എന്താകാൻ ആഗ്രഹിക്കുന്നുവോ അതായിത്തീരും . പിന്നെ പരാജയം വിജയത്തിന്റെ ചവിട്ടുപടിയാണ് ...

- SOURA.N

VIII-F

# JOURNEY BACK

The faded memory of golden times

Those childish days and better rhymes

Echoed in the whipped again walls

I search my war through those shrinking calls

I was back then,

My mother's scent had  felt like heaven

The tiny little scribbler that I've inscribed

Looks as fresh as if in my soul live inscribed

The little sweet face has turned to wrinkles

My heart's turned and eyes stop twinkle

I try and try and try

but get lost like all the old men and cry

- Sherin IX-E

# DILEMMA

My life floats with full of confusion!
May day starts with many illusions
This is the period of life where many
Are numb
To make decisions, so dumb.
We teenagers have set our lives,
With questions none can answer
Which to close? what to care?
Where to go?
Goes on ..my life. less triumphs
Which no one can make out
My minds gone black and further
Don't know whom my mother loves;
Me or my bro?
Am i an extra fitting in my home?
Where someone leaves a big pause
I am totally confused!
who am I?
Should I be an ideal student,

Or just pretend,
Or be a good son
With no more bunking fun
Should I be a carrying lover?
That spilt on me a twinkling
Shower
Who should I be?
Teenage totally changes everyone,
Who needs to take care themselves
Day starts up with schooling
Then studying, home coming
Ends up with some chatting
Oh! days go so fast,
Where my confusion doesn't last
Are you one of my kind?
Then at first, please set your mind
Till your aim gets close to you to blind
I know it's though to manage
But you want your life back
Without damage
You should calm up with this age

# THE MYSTERIOUS CAVE....

It was an evening. Anu and her elder brother, walking along the road, near a forest,were going to bring their cattle that were grazing on the beauty of nature by making sounds in reply to the chirping of birds, and watching butterflies and tasting fruits.

At that time they heard a beautiful sound of a bird from the forest. They were excited to hear that sound, because they had never heard such a sweet sound. They ran towards the forest, but they didn't see any bird there. They become sad and turned back.

Suddenly they noticed a cave in middle of the forest. They were very excited to know what was inside the cave. They moved slowly inside the cave without making any noise. Anu was little afraid to enter the cave, her brother Arun hold her hands tightly. They walked into the cave. Inside the cave, it is fully dark ray of light that came through the opening of the cave. Arun moved slowly touching the walls of the cave. As he touched the walls, he

got something in his hand. He ran towards the opening and looked at the thing he got....

"Anu come here, look at this"He cried.

"What happened," Anu asked.

"Look at these, these are precious stones.Our family is poor. We will become rich,we can give it our parents, then all our problems will be solved. We can build a house, we can going to school. Haa i can't believe my eyes. I want a good cloth also"..Anu said

"Okay....., you come, let's search there once more." Arun hold her hands and ran inside the cave and scratched on the wall. Surprise, he got a bundle of germs, pearls and other precious stones....

They jumped happily, their happiness had nothing, Arun, Arun wake up! Go and bring the cattle it was his mother. Arun opened his eyes. He realized that it was only a dream. He washed his face and called his sister and both went to the forest,to bring their cattle. But Arun's mind was wondering 'the Mysterious cave.....'

NIHALA T K

**SLOGANS**

- Hungry..the earth will serve,thirsty..
  and the seas will water! Do you still
  want to cut them all?

- The best time to plant a tree was 20 year ago.
  The next best time is today.

- Go green hug a tree ,save the earth ,save the
  plant ,think green
  Green is really the friend of nature.

- Go with your little light of goodness,wherever you are
  it is those little bits of good put together that
  overwhelm the world

- Plant a tree, get air for free

## കുതിപ്പ്

മാനവരാശിക്കു വൻനേട്ടവുമായി
കുതിക്കുന്നിതല്ലോ ശാസ്ത്രം...
ഈ പ്രപഞ്ചത്തലെയാറ്റക്കണികളായ്
മാറുന്നിതല്ലോ ശാസ്ത്രം...
കുതിക്കുന്നു മാനവരന്വേഷണത്തിനായ്
കുമ്പിളിൽ താരകം ചന്ദ്രനിലും...
ഇന്നിതായൊൻപതാമ്ണ്ടുകൾക്കപ്പുറം
ചെന്നുനിൽക്കുന്നതും നോക്കിനിൽക്കെ
അത്ഭുതരാഗങ്ങളേറ്റുപാടിക്കുന്ന
അരുണാത്മസന്തതിയല്ലെ നമ്മൾ
പൊൻതാരകത്തിൻത്തണലിൽ-
മ്പൊഴും
അത്ഭുതയാത്രികരാകും നമ്മൾ
ഒരു ലോകസത്യമറിയിച്ചതും
ആസ്ട്രോങ്ങും എഡ്വിനും കോളിൻസുമല്ലോ
അന്നൊരു നാളിലായ് ചന്ദ്രനിലും
പിന്നിടുചെന്നെത്തിയൊരു ഡസനാളും
അത്ഭുതസാഹസം സൃഷ്ടിക്കുവാൻ...
മാനുഷർക്കൊപ്പമായ് വാനിലേറുന്ന
പേടകം
എന്നേ മൃഗങ്ങളും പോയ്ക്കഴിഞ്ഞു
ചന്ദ്രയാനും വിടാം ചന്ദ്രനെയും തൊടാം
സൂര്യതാപത്തിലും ചെന്നിറങ്ങാം
ശാസ്ത്രം മനുഷ്യനും ശാസ്ത്രത്തെ മാറ്റിമറിക്കുന്നു
ശാസ്ത്രമാണല്ലയൊ ജീവിതാനുഭവം
ജീവിതത്തിന്റെ വർണ്ണരസം...

**NATURE HAS THE POWER TO NURTURE**

## CHAMOMILE

CHAMOMILE IS WELL KNOWN FOR ITS CALMING QUALITIES PEOPLE WHO TEND TO BE STRESSED AND AGITATED TAKE CHAMOMILE TEA TO CALM THEIR NERVES. IT HELPS TO EASE INDIGESTION INFLAMMATION

TOOTHACHE AND BURNS. THE DRY FLOWER OF THE CHAMOMILE PLANT IS USED FOR TEA AND MEDICINES. YOU CAN BUY DRY CRUSHED

FLOWER AND MAKE TEA BY BOILING TEASPOONFULS OF IT IN WATER

## LAVENDER

LAVENDER OIL IS A GREAT NATURAL SOOTHER OF SCALP CONDITION SUCH AS DANDRUFF AND HELPS CALM ITCHY SKIN. IT IS ALSO SAID TO HELP BEAT STOMACH BLOATING AND POOR DIGESTION .ITS PURPLE PLANT IS USED AS A SLEEP AID OWING TO ITS RELAXING QUALITIES-YOU STASH A SMALL BRANCH UNDER YOUR PILLOW AT NIGHT. TESTS HAVE SHOWN THAT SIMPLY SMELLING IT LOWER HEART RITE AND BLOOD PRESSURE .

SPRINKLE DRIED LAVENDER IN TEA YOGHURT OR MILK THAT YOU HAVE BEFORE BED TIME. PUT SOME IN A FLAT VASE OVER DRIED LAVENDER STRAIN AND DRINK .

ALOE VERA

ALOE VERA THAT CACTUS IS NOW A RAGE AMONG THOSE MAKING/USING BEAUTY PRODUCTS. YOU CAN BUY THE THICK GEL FILLED LEAVES OF THIS PLANT IN WAYSIDE PUSH CARTS. ALOE GEL WAS USED TO TREAT SUN BURN AND MINOR SURFACE BURNS IN ANCIENT EGYPT.

INDIANS HAVE TRADITIONALLY USED IT FOR MAKING KAJAL. A WICK COVERED IN ALOE VERA GEL IS BURNT WITH GHEE AND THE SOOT COMING OUT IS CAPTURED TO PREPARE KAJAL. THE COOL LIQUID MAKES AN EXCELLENT MOISTURISER IN WINTER. YOU MIX IT WITH COCONUT OIL TO MAKE A MASSAGING LOTION .Y WHEN YOU USE ALOE GEL SEE THAT YOUR HANDS CLEAN THE GEL SHOULD NOT BE CONTAMINATED SINCE YOU APPLY IT ON YOUR FACE.

IF YOU BUY A LEAF WASH USE A SHARP KNIFE TO SLICE OFF THE OUTER LAYER PEEL AWAY THE GREEN PORTION OF THE LEAVES ON ONE SIDE THROUGH TO THROUGH TO THE GEL OUT WITH SPOON INTO A CLEAN JAR. THE GEL BECOMES STALE

SO TAKE ONLY THE AMOUNT YOU NEED FOR INSTANT USE.

THYME

THYME IS KNOWN FOR ITS ANTIBACTERIAL PROPERTIES. IT IS PART OF THE NATURAL TREATMENT FOR ACNE. TAKEN REGULARLY IT CONTROLS BLOOD PRESSURE. BOOSTS OUR ABILITY TO RESIST DISEASES. IT IS USED AS A DISINFECTANT (KILLS GERMS) AND IS ADDED TO NATURAL/ORGANIC CLEANING
LIQUID. THE OIL EXTRACTS FROM THYME LEAVES IS USED IN MEDICINE PRESCRIBED TO RELIVE COUGHS,ARTHRITIS,WOUND , NAUSEA AND FATIGUE. ITS EVEN SAID TO PREVENT HAIR-LOSS.

GROW THYME AT HOME. GARNISH YOUR FOOD WITH ITS LEAVES AND SPRIGS. USE IT INSTEAD OF SALT IN SALADS. ADD IT
TO YOUR PASTA.

ROSEMARY

IF YOU ARE FORGETFUL, LOOK FOR THE EVER GREEN ROSEMARY
PLANT. ROSEMARY IS KNOWN FOR ITS ABILITY TO BOOST MEMORY
AND INCREASE FOCUS. THE HERB IS USED ROUTINELY IN ALL KINDS

OF PASTA AND IN A LOT OF BAKED FOOD. IT IS SUPPOSED TO REDUCE
INFLAMMATION AND RELIVE MILD PAIN. ROSEMARY BOOTS YOUR IMMUNE SYSTEM STIMULATES CIRCULATION AND HEALS MILD SKIN
CONDITIONS TAKEN REGULARLY IN SMALL QUANTITIES IT HELPS TO
FLUSH OUT TOXINS. PEOPLE BELIEVE IT PREVENTS BACTERIAL INFECTIONS ESPECIALLY STOMACH BUGS. MANY SHAMPOO BRANDS
ADD IT TO THEIR PRODUCTS.

IN ANCIENT GREECE STUDENTS WORE ROSEMARY CROWNS TO
IMPROVE MENTAL PERFORMANCE. WE CANT DO THAT NOW. WHAT WE
CAN DO IS TO SNIP OFF A SPRING AND SNIFF IT REGULARLY FOR A MEMORY BOOSTS. WE CAN ALSO IMMERCE IT IN HOT WATER AND ADD HONEY FOR SOME AROMATIC TEA

## നാവ് വഴങ്ങുമോ

- പേര് മണി പണി മണലുപണി
- സൈക്കിൾ റാലി പോലൊരു ലോറി റാലി
- കേരളത്തിന്റെ കരളിന്റെ കുളിരായ കളരി പഠിക്കാൻ മുരളി

വളരെ വിരളമായ കളരിയിലേക്കു പോയി

- മസ്തിഷ്കത്തിൽ ബ്ലഡ് പ്രളയം
- പത്ത് തത്ത ചത്തു ചത്ത തത്ത പച്ച
- റെഡ് ബൾബ് ബ്ലൂ ബൾബ്

# ഭൂമി

ഭൂമിക്ക് മാറാപ്പ് കൂട്ടുവാനെന്നോണം
ഭൂമിയെക്കൊല്ലുന്നു ലോകരിന്ന്
ധൂര മൂർത്തു നന്മളും ഭൂമിയെ കൊല്ലുമ്പോൾ
ധാരെ ഒഴുകുന്നു കണ്ണുനീരും

മഴയില്ല വെയിലില്ല പുഴയില്ലാ എന്ന് ഇവിടെ
കിളി നാദവുമില്ല കേൾക്കുവാനായ്
പുക തുപ്പും കുഴലുകൾ വായുവിൽ ഉയരുമ്പോൾ
പുകയിലലിന്നിട്ടും ഭൂമിയും
പച്ചവിരിച്ചൊരു കുന്നുകളില്ലിവിടെ
കാണുന്നു ചുവപ്പിന് മണ്ണ് മാത്രം
കൈ കോർത്ത് നിന്നിടാം കൈവിടാതെ എന്നും
ഭൂമിയെ ജീവനായി കരുതടേണം
പച്ച വിരിച്ചൊരു സുന്ദര ഭൂമിക്കു
സ്വാഗതം പാടിടാം ആനന്ദത്തോടെ.

# എലി പുരാണം

കൂട്ടിനുള്ളിൽ അത് അസ്വസ്ഥതയോടെ തിരിഞ്ഞും മറിഞ്ഞും നടന്നു. കൈ കാലിട്ടടിച്ചു. കൂടിന്റെ കമ്പിയിൽ ശക്തമായി കടിച്ചു. പല്ലു വേദനിച്ചതല്ലാതെ ഒന്നും സംഭവിച്ചില്ല.പേടിയും വേദനയും ദുഃഖവുമെല്ലാം അതിനെ തളർത്തികൊണ്ടിരുന്നു.കഴിഞ്ഞുപോയ രാത്രിയെക്കുറിച്ച് ഓർക്കാൻ വയ്യ! നാളുകരളേറെയായി ഈ വീട്ടിൽ സ്വതന്ത്രമായി വിഹരിക്കുന്നു . അടച്ചു വച്ചിരിക്കുന്ന പാത്രങ്ങളുടെ മൂടികാർന്നുതിന്നും പരിപ്പും പയറും ഭക്ഷണ സാധനങ്ങളും എത്ര അകത്താക്കിയിരിക്കുന്നു. ചങ്ങാതിമാരോടപ്പം ടിവിയുടെ വയറുകൾ കടിച്ചു മുറിച്ചു രാത്രികാലങ്ങൾ ഉത്സവമാക്കി . അതായിരിക്കണം വീട്ടുകാരെ ആദ്യം പ്രകോപിപ്പിച്ചത് . അതിനു ശേഷം ഞങ്ങളെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടന്നിരുന്ന ഒരു ദിവസം തട്ടിൻ പുറത്തു പൊളിച്ചു വെച്ച ബിസ്ക്കറ്റ് കണ്ട് ആർത്തിയോടെ തിന്നതാണ് . എന്റമ്മേ നെഞ്ച് കത്തിപ്പോയി . സർവ്വ നാഡീ ഞരമ്പുകളും വലിഞ്ഞു മുറുകിയതു പോലെ. വെപ്രാളത്തോടെ ഓടിയെത്തിയത് വെള്ളം നിറച്ച പാത്രത്തിനടുത്തായിരുന്നു. ഉള്ളിലെ തീയണക്കാൻ അന്ന് എത്രയാണ് വെള്ളം കടിച്ചത്.ഭാഗ്യത്തിന് അന്ന് രക്ഷപെട്ടു . കുറച്ചു ദിവസം പുറത്തിറങ്ങിയില്ല പിന്നെ തിന്നതും സഞ്ചരിച്ചതും വളരെ കരുതലോടെയാണ് .പക്ഷെ ഇന്നലെ ,ഓർക്കാൻ വയ്യ. തന്റെ വിഡ്ഢിത്തത്തെ ഓർത്ത് അത് തന്റെ കൈകൾ കൊണ്ട് തലയ്ക്ക് അടിച്ചു. കുറച്ചു ദിവസമായി തെങ്ങിന്റെ മുകളിലാണ് താമസം . കഴിഞ്ഞ ദിവസത്തെ ജോലിയുടെ ക്ഷീണം കാരണം ഉറങ്ങി എഴുന്നേൽക്കാൻ വൈകിപ്പോയിരുന്നു. കൂട്ടുകാരെ അന്വേഷിച്ചപ്പോൾ അവരെ ഒന്നും കാണാനില്ല. അവർ ലക്ഷ്മി ചേച്ചിയുടെ വീട്ടിൽ പോയിരിക്കും. അവിടത്തെ പൂച്ചയെ രണ്ടുദിവസ മുമ്പ് ഏതോ ചാവാലി പട്ടി കടിച്ചു കൊന്നിരുന്നു. നമ്മളെ ആ വീടുമായി അകറ്റിയിരുന്നു. ശത്രുവിന്റെ മരണത്തിലുണ്ടായ ആനന്ദം അവിടെ വെച്ച് തന്നെ ആഘോഷിക്കാമെന്ന് തീരുമാനിച്ചിരുന്നു. എന്തായാലും തന്നെയും അവർക്ക് വിളിക്കാമായിരുന്നു. സ്വാർത്ഥൻമാർ പോട്ടെ ഇന്നിവിടെ ഒറ്റയ്ക്കു വിലസാം . ലൈറ്റണഞ്ഞ് അല്പസമയത്തിനുശഷം തന്നെ താഴെയിറങ്ങി. എന്താണെന്നറിയില്ല, ഭക്ഷണ സാധനങ്ങൾക്ക് മുകളിലെല്ലാം തന്നെ കനമുള്ള പലതും വെച്ച് ഭദ്രമായി അടിച്ചിരിക്കുന്നു .ഒന്നും തുറക്കാൻ പറ്റുന്നില്ല. ഉള്ളിൽ വിശപ്പിന്റെ ചെള്ളുകൾ മാന്തിക്കൊണ്ടിരിക്കുന്നു . ഭക്ഷണമന്വേഷിച്ച് ഓരോ മുറിയിലേക്കും നടന്നു .ചുട്ട തേങ്ങയുടെ മണം മൂക്കിലടിച്ചു കയറുന്നു .അതാ ഏണിപ്പടിക്കരികിലായി ഒരു പെട്ടിയിൽ കമ്പിയിൽ തൂങ്ങി കിടക്കുന്ന തേങ്ങാ കഷ്ണം .വിശന്ന വയറിന്റെ പ്രലോഭനം മറ്റൊന്നും ആലോചിച്ചില്ല .ഒന്നു കടിച്ചതേയുള്ളൂ 'ഠപ്പേ' എന്നൊരു ശബ്ദം തേങ്ങാ കഷ്ണം വായിൽ നിന്ന് തെറിച്ചുപോയി . ഷോക്കേറ്റതു പോലെ ശരീരം വിറങ്ങലിച്ചു .തരിച്ചു പോയ കാലുകൾ വലിച്ചെടുത്ത് ഓടാൻ ശ്രമിച്ചെങ്കിലും എല്ലായിടത്തും ഇരുമ്പിന്റെ കമ്പുകൾ മാത്രം.

അറിയാവുന്ന എല്ലാ വിദ്യകളും പ്രയോഗിച്ചു.രക്ഷയില്ല... മരണത്തിന്റെ കൂട്ടിൽ അകപ്പെട്ടിരിക്കുന്നു . ക്ഷീണം കൺ പോളകളെ ഉറക്കത്തിലേക്ക് കൊത്തി വലിക്കുന്നു .ഹായ് ഒരുത്തൻ വീണിരിക്കുന്നു .വീട്ടുകാരന്റെ ഉച്ചത്തിലുള്ള ശബ്ദം അവനെ ഉണർത്തി . കുട്ടികളൊക്കെ ചുറ്റും കൂടി കൈയടിക്കുന്നു .ഇപ്പോൾ തന്നെ കൊന്നു കളയാം പെട്ടി എടുത്ത് അയാൾ നടന്നു .കൂട്ടിൽ നിന്ന് എലി ദയനീയമായ ശബ്ദം പുറപ്പെടുവിച്ചു. കൈകാലുകൾ കൊണ്ട് കൂട്ടിൽ ശക്തമായി വീണ്ടും ഇടിച്ചു. കമ്പിയിൽ തട്ടി അതിന്റെ ശരീരത്തിൽ നിന്ന് ചോര  കിനിയാൻ തുടങ്ങിയിരുന്നു. അവൻ വലിയാം തുരത്തി പുഴയുടെ അരികിലെത്തി . നിരന്ന പുഴ എലിയുടെ കണ്ണിലും കണ്ടു. കൂട് അയാൾ പതുക്കെ വെള്ളത്തിലേക്ക് താഴ്ത്തി. എലിയെ ആലിംഗനം ചെയ്യാനെന്ന പോലെ വെള്ളം കൂട്ടിനുള്ളിലേക്കൊഴുകിത്തുടങ്ങി .

നിറഞ്ഞവെള്ളത്തിൽ അതിന് ശ്വാസംമുട്ടിത്തുടങ്ങി . മരണവെപ്രാളത്തോടെ അത് കൈകാലിട്ടടിച്ചു. മരണം ഉറപ്പാക്കി അയാൾ പെട്ടി തുറന്നു. ആഴങ്ങളിലേക്ക് താഴുമ്പോൾ പ്രാണൻ വിട്ടുപോയിരുന്നില്ല. ജീവിക്കാനുള്ള കൊതിയും. പതുക്കെ അവൻ കണ്ണുതുറന്നു . സർവശക്തിയും സംഭരിച്ച് ശ്വാസത്തിനായി ഉപരിതലത്തിലേക്കുയർന്നു . ചുറ്റും പ്രളയമാണെന്നതിനു തോന്നി .ദുർവിധിയെന്ന പോലെ പെട്ടന്ന് കടന്നു വന്ന ശക്തിയായ കാറ്റ് സൃഷ്ടിച്ച ഓളങ്ങൾ എലിയെ ആഴങ്ങളിലേക്ക് മുക്കി. അവന്റെ കണ്ണുനീരിന്റെ ഉപ്പ് പുഴയിലെ ഉപ്പുവെള്ളമായി കൂടിച്ചേർന്നു . അവസാന ശ്വാസം ഒരു കുമിളയായി ജലോപരിതലത്തിൽ വന്ന് പൊട്ടി. ഒരു വളയമായി. പിന്നെ പതുക്കെ ഇല്ലാതായി

-ദിനേശൻ ഐ.എൻ
( മലയാളം അദ്ധ്യാപകൻ )

सूक्तियाँ

विचारपूर्वक किया हुआ श्रम उच्च से उच्च प्रकार की समाज सेवा है ।-

- महात्मागाँधी

भारत जैसी मातृभूमि पाकर कौन अभिमान नहीं करेगा?

मगर यहाँ हज़ारों चीज़ें हैं जिन पर अभिमान नहीं होना चाहिए।

- राहुल सांकृत्यायन

नारियों और माताओं ,इस संसार की मुक्ति सबसे अधिक तुम्हारे ही हाथों में है।

- तालस्टाय

- shifana

# चुटकुले

एक ज्योतिष दिनेश से : “अगले ही महीने के अन्दर आप भारत से बाहर जाने की संभावना है |”

दिनेश : झूठ! पिछले महीने मेरे दोस्त से भी आपने यही कहा , और वह पिछले हफ्तॆ एक बस दुर्घटना में मर गया |

ज्योतिष : तो मेरा कहना बिलकुल ठीक है . . . . आपका दोस्त  तो इस दुनिया से हमेशा के लिए चला गया |

डॉक्टर : क्या बीमारी है ?

बीमार : मुझे पानी पीने में कठिनाई है |

डॉक्टर: डरना नहीं मैं यह दवा देता हूँ | इसे दिन में दो बार पीना है |

बीमार : अगर ऐसे है तो मैं पानी ही पीना . . . . |

बाप बेटे से : तुम्हारे मास्टरजी ने कहा की तुम पढ़ाई में बहुत पीछे है |

बेटा : वह तो उन्होंने जूठबोला था |

बाप : तुम्हे कैसे पता . . . . ?

बेटा : क्योंकि मैं पिछले दो महीने से स्कूल नहीं गया |

- shayanesh

**शिक्षा पर सुविचार**

"शिक्षा सबसे शक्तिशाली हथियार है,जिसे आप दुनिया को बदलने केलिए उपयोग कर सकते है।" -----नेल्सन मन्डेला

“शिक्षा का उच्चतम परिणाम सहनशीलता है"---हेलन केलर

“सच्ची शिक्षा के दो लक्ष्य है:एक बुद्धिमत्ता दूसरा चरित्र।"--मार्टिन लूथर किंग

“वह व्यक्ति जो विद्यालय खोलता है,एक कारावास बंद करता है।”--विक्टर ह्यूगो

SRI T P VENUGOPALAN

# BACK TO SCHOOL






**"ITS A GOOD DAY TO HAVE A GOOD YEAR"**

# INAUGURATION OF SCHOOL LIBRARY



"BOOKS THE EASIEST THING TO PICK UP AND HARDEST THINGS TO PUT DOWN"


#FLOOD
#STAND
WITH KERALA
"WE CAN'T HELP EVERYONE BUT
EVERYONE CAN HELP SOMEONE "



# സത്യസന്ധരാവാൻ ഹോണസ്റ്റി കോർണർ

പാപ്പിനിശേരി ഇ എം എസ് സ്മാരക ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ ഹോണസ്റ്റി കോർണർ എസ്ഐ ബിജേഷ് ഉദ്ഘാടനം ചെയ്യുമ്പോൾ

**പാപ്പിനിശേരി**

വിദ്യാർഥികളിൽ സത്യസന്ധത വളർത്താൻ ഹോണസ്റ്റി കോർണറുമായി പാപ്പിനിശേരി ഇ എം എസ് സ്മാരക ഗവ. ഹയർ സെക്കൻഡറി സ്കൂൾ. സ്റ്റുഡന്റ് പൊലീസ് കേഡ... ...ത്തി ലാണ് കോർ... ...വിദ്യാർ ഥികൾക്ക് ... നങ്ങളു...

ധനങ്ങൾ എടുക്കുകയും പണം നിക്ഷേപിക്കുകയും ചെയ്യാവുന്ന നിലയിലാണ് കോർണർ. എസ്ഐ ബിജേഷ് ഉദ്ഘാടനംചെയ്തു. ഇ അനൂപ് കുമാർ അധ്യക്ഷനായി. എൻ പി ബിനീഷ്, പ്രിൻസിപ്പൽ ടി പി വേണുഗോപലൻ, സപ്ന പണ്ണേരി, ടി കെ രാജീവ്കുമാർ എന്നി... ...പ്രധാനാധ്യാ...

**honesty corner**




**"IF YOU WANT TO BE TRUSTED BE HONEST"**

# Our achievements






**"WAKE UP AND BE AWESOME"**

rawpixel




"NEVER GIVE UP"




# "WE LEARN TO SERVE"




"START EACH DAY WITH A GRATEFUL HEART"

rawpixel


ഇ.എം.എസ് സ്മാരക
ഗവ:ഹയർസെക്കണ്ടറി സ്കൂൾ
പാപ്പിനിശ്ശേരി
राष्ट्रीय सेवा योजना
NATIONAL SERVICE SCHEME
നാഷണൽ
സർവ്വീസ് സ്കീം
ഉദ്ഘാടനം
21.10.2019 വൈകു: 3 മണിക്ക്
ബഹു: കെ.കെ.രാഗേഷ് (എം.പി)
ആശംസ: ശ്രീ.പി.പി.ഷാജിർ
സാന്നിധ്യം
ശ്രീധരൻ കൈതപ്രം
(NSSകണ്ണൂർ ജില്ലാ കൺവീനർ)
സി.വി.ഹരീഷ് കുമാർ
(പി.എ സി മെമ്പർ)
राष्ट्रीय सेवा योजना
NATIONAL SERVICE SCHEME
"മനസ്സ് നന്നാവട്ടെ"



ജീന കെ വി,കൈറ്റ് മിസ്ട്രസ്സ്

ഈ മാഗസിൻ-ന് '**ദിശ** '

എന്ന നാമകരണം എന്തുകൊണ്ടും വളരെ അനു


യോജ്യമാണെന്നു കരുതുന്നു.

'**ദിശ**'യുടെ പൂർണ്ണതയ്ക്കു വേണ്ടി പ്രയത്നിച്ച

മുഴുവൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും

പ്രിയ സഹപ്രവർത്തകർക്കും സ്നേഹത്തി

ൻെറ ഭാഷയിൽ നന്ദി അറിയിക്കുന്നു.



നജ്മ കെ

കൈറ്റ് മിസ്ട്രസ്സ്